(b) (1)	Appeals filed under the Sales Tax Act during 1953-54 ..	3895
(2)	Appeals filed under the Agricultural Income Tax Act during 1953-54 ..	1138
(c) (1)	Number of appeals disposed of under Sales Tax Act during 1953-54 ..	3541
(2)	Number of appeals disposed of under Agricultural Income Tax Act during 1953-54 ..	593

ശബരിമലയെപ്പറ്റിയുള്ള അന്വേഷണറിപ്പോർട്ട്

263. [10] ശ്രീ. സ്. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകൃഷി മന്ത്രി ദയവു മറുപടി പറയുമോ :

(എ) ശബരിമല കേസ്സുസംബന്ധിച്ചുള്ള അന്വേഷണറിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ ;

(സി) അന്വേഷണറിപ്പോർട്ട് തയാറാക്കാൻ എന്തു ചെലവായിട്ടുണ്ട് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിൽ സംഭവത്തിനുള്ള ഉത്തരവാദിത്വം ഇന്നാൾക്കാരനു് വ്യക്തമായി സ്ഥാപിക്കപ്പെടുകയോ തെളിവു മൊന്നും ഇല്ല. അതിനാൽ പൊതു താൽപ്പര്യത്തെ ഉദ്ദേശിച്ചു് റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല.

(സി) ഇതിനെ സംബന്ധിച്ചു പ്രത്യേകകണക്കൊന്നും സൂക്ഷിക്കപ്പെട്ടിട്ടില്ല.

കുട്ടനാട്ടിലെ തൊഴിൽത്തർക്കവും അറസ്റ്റും

264. [13] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവു മറുപടി പറയുമോ:

(എ) കൊയ്ത്തിനു തീർപ്പു കൊടുക്കുന്നതു സംബന്ധിച്ചു് കുട്ടനാട്ടിൽ ഒരു തൊഴിൽത്തർക്കം ഉണ്ടായതിൻറെ ഫലമായി സഖാവു് വർഗ്ഗീസുവൈദ്യൻ ഉൾപ്പെടെ എത്രപേരെ അറസ്റ്റുചെയ്തു ;

(ബി) എന്തു് അവകാശവാദം നിഷേധിച്ചതിനെ തുടർന്നാണു് പണിമുടക്കു നടന്നതു് ;

(സി) എന്തു് കാരണത്തിലാണു് അറസ്റ്റു നടന്നതു്. അറസ്റ്റുചെയ്യപ്പെട്ട എത്രപേരെ മർദ്ദിക്കുകയുണ്ടായി. അതിൽ ആരെയെങ്കിലും ആശുപത്രിയിലേക്കു് അയക്കുകയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly